## വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര ചരിത്ര സ്മാരകം യാഥാർത്ഥ്യമാകുന്നു.

കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികളുടെ ധീര സ്മരണ നിലനിർത്തുന്നതിന് ബഹു. മുഖ്യ മന്ത്രി 2011 ആഗസ്റ്റ് 15- ന് പ്രഖ്യാപിച്ച സ്വാതന്ത്ര്യ സമര സ്മാരകം യാഥാർത്ഥ്യമാകുന്നു. വട്ടിയൂർക്കാവിൽ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ സർക്കാർ അനുവദിച്ച 30 സെന്റ് ഭൂമിയിലാണ് **സ്വാതന്ത്ര്യ സമര സ്മാരകം** നിർമ്മിക്കുന്നത്. കേരള സ്വാതന്ത്ര്യ സമര ചരിത്രത്തിലെ അവിസ്മരണീയമായ സംഭവങ്ങളിൽ ഒന്നായ വട്ടിയൂർക്കാവ് സമ്മേളന വേദിയ്ക്ക് സമീപമാണ് സ്മാരകം നിർമ്മിക്കുന്നത്. പ്രശസ്ത മലയാളി ശില്പകലാകാരൻ പ്രൊഫ. തോമസ്സ് ജോൺ കോവൂർ ആണ് സ്മാരകത്തിന്റെ രൂപകല്പന നടത്തിയിട്ടുള്ളത്.

1 കോടി 75 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന ദേശീയ നിലവാരത്തിലുള്ള സ്വാതന്ത്ര്യ സമര സ്മാരകവും ഉദ്യാനവും 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.നമ്മുടെ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ പ്രധാനപ്പെട്ട വിവരണങ്ങൾ ചിത്രങ്ങൾ സഹിതം ഇവിടെ സജ്ജീകരിക്കുന്ന കമ്പ്യൂട്ടർ കിയോസ്കിൽ ടച്ച് സ്ക്രീനിലൂടെ സന്ദർശകർക്ക് കാണാവുന്ന സംവിധാനം സ്മാരകത്തിലുണ്ടാകും. സ്മാരകം സന്ദർശിക്കുന്നവർക്ക് വിശ്രമിക്കുന്നതിനുള്ള സംവിധാനങ്ങളും മനോഹരമായ ഒരു ഉദ്യാനവും സ്മാരകത്തിന്റെ ഭാഗമായി ഇവിടെ സജ്ജീകരിക്കുന്നതാണ്. സ്മാരകത്തിന്റെ മാതൃകാ ചിത്രങ്ങളും സ്മാരകത്തിന്റെ സവിശേഷതകളും ഉൾക്കൊളളിച്ചുക്കൊണ്ടുള്ള രേഖാചിത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല കേരളം ചരിത്ര പൈതൃക മ്യൂസിയത്തിനാണ്.